**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 463** **17-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതുകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാനത്തിന്റെ നിലവിലെ പൊതുകടം എത്ര രൂപയാണ്; നിലവിലെ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്ര രൂപയായിരുന്നു; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | 2025-26 ആഗസ്റ്റ് വരെയുള്ള സംസ്ഥാനത്തിന്റെ പൊതു കടം 326624.94 കോടി രൂപയാണ്.<br><br>നിലവിലെ സർക്കാർ അധികാരമേറ്റ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ പൊതു കടം 219974.55 കോടി രൂപയാണ്.<br><br>2021-22 സാമ്പത്തിക വർഷം മുതൽ 31.08.2025 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിൻറെ പൊതു കടം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പടികയായി ചേർക്കുന്നു. |

| **വർഷം (1)** | **അഭ്യന്തര വായ്പ (2)** | **കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ (3)** | **പൊതു കടം (തുക കോടിയിൽ) (4) (4=2+3)** |
|---|---|---|---|
| **2021-22** | 210792 | 9183 | **219975** |
| **2022-23** | 227137 | 10864 | **238001** |
| **2023-24** | 257158 | 10832 | **267990** |
| **2024-25** | 296718 | 13298 | **310016** |
| **2025-26 (31.08.2025 വരെ)** | 312631 | 13994 | **326625** |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. സ്ലാബുകളിൽ മാറ്റം വരുത്തിയതോടെ കേരളത്തിന് പ്രതിവർഷമുണ്ടാകുന്ന വരുമാന നഷ്ടം എത്ര തുകയായിരിക്കുമെന്ന് വ്യക്തമാക്കാമോ; ഈ വരുമാന നഷ്ടം | (ബി) | ഇത് സംബന്ധിച്ച് ഒരു പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ ജി.എസ്.ടി നിരക്കുകൾ നിലവിൽ വരുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് പതിനാറാം ധനകാര്യ കമ്മീഷന് 2025 സെപ്തംബർ മാസത്തിൽ ഒരു അനുബന്ധ മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 2018-19,2019-20 വർഷങ്ങളിലെ ഇ-വേ ബിൽ ഡാറ്റാ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് പ്രതിവർഷം 6,300 കോടി രൂപ ചരക്കിനത്തിൽ മാത്രം വരുമാന നഷ്ടം ഉണ്ടായേക്കാമെന്നാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. GIFT ന്റെ പുതുക്കിയ |

| | | | |
|---|---|---|---|
| | നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | | കണക്കുകൾ പ്രകാരം മൊത്തം റവന്യൂ നഷ്ടം 8,000-9,000 കോടി രൂപയാകാൻ സാധ്യയുണ്ടെന്നാണ് അനുമാനിക്കുന്നത്. സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കാൻ ഭരണഘടനയുടെ 275-ാം അനുച്ഛേദ പ്രകാരം ഗ്രാന്റുകൾ ശിപാർശ ചെയ്യേണ്ടതാണ് എന്നും കൂടാതെ, കേരളത്തിന് 0.5% ജി.എസ്.ഡി.പി വരെ അധിക വായ്പാ പരിധി അനുവദിക്കണം എന്നും അനുബന്ധ മെമ്മോറാണ്ടത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ഈ വരുമാന നഷ്ടം സംസ്ഥാനത്തിന്റെ കടം വീണ്ടും വർദ്ധിക്കുന്നതിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | വ്യാപാര നികുതി, കേന്ദ്ര കൈമാറ്റങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം എന്നിവയിലാണ് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക നില, ചരക്ക് സേവന നികുതി (ജി.എസ്.ടി), പൊതുകടം വാങ്ങുന്നതിനുള്ള പരിധി നിശ്ചയിക്കൽ, തനതു നികുതി വരുമാന കുറവ് തുടങ്ങിയ കാരണങ്ങളാൽ ഇതിനകം തന്നെ പരിമിതപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി നിരക്കുകളിൽ വരുത്തിയിട്ടുള്ള പരിഷ്കാരം സംസ്ഥാന വരുമാനത്തെ കൂടുതൽ പ്രതികൂലമായി ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ